# മലയാളം / MALAYALAM

## (നിർബന്ധിതം) / (Compulsory)

| സമയം : **മൂന്നു** മണിക്കൂർ | പരമാവധി മാർക്ക് : **300** |
|---|---|
| *Time Allowed : **Three** Hours* | *Maximum Marks : **300*** |

---

### ചോദ്യപേപ്പർ പ്രത്യേകനിർദ്ദേശങ്ങൾ

***ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുൻപായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :***

*എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.*

*ഓരോ ചോദ്യത്തിനുമുള്ള മാർക്കുകൾ അതതു് ചോദ്യത്തിനെതിരെ കൊടുത്തിട്ടുണ്ടു്.*

*ചോദ്യത്തിൽ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം **മലയാളത്തിൽ (മലയാളംലിപിയിൽ)** തന്നെ എഴുതണം.*

*ചോദ്യങ്ങൾക്കുള്ള ഉത്തരത്തിനു നിശ്ചയിച്ചിട്ടുള്ള വാക്കുകളുടെ എണ്ണം പാലിക്കണം. നിശ്ചയിച്ചിട്ടുള്ള എണ്ണത്തിനേക്കാൾ കൂടുകയോ കുറയുകയോ ചെയ്താൽ മാർക്കു് കുറയ്ക്കുന്നതായിരിക്കും.*

*ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്കുലെറ്റിൽ ഏതെങ്കിലും പേജോ പേജിന്റെ ഭാഗമോ വിടുകയാണെങ്കിൽ അവ വ്യക്തമായി വെട്ടിക്കളഞ്ഞിരിക്കണം.*

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*All questions are to be attempted.*

*The number of marks carried by a question is indicated against it.*

*Answers must be written in **MALAYALAM (Malayalam script)** unless otherwise directed in the question.*

*Word limit in questions, wherever specified, should be adhered to and if answered in much longer or shorter than the prescribed length, marks will be deducted.*

*Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

munotes.in

**Q1.** **താഴെ കൊടുത്തിരിയ്ക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 600 വാക്കുകളിൽ കവിയാതെ ഉപന്യസിക്കുക :** *100*

(a) ഉപഭോക്തൃ ജീവിതശൈലിയും പരിസ്ഥിതിയും

(b) മൊബൈൽ ഫോണിനോടുള്ള തീവ്രാസക്തി

(c) ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ പരിമിതികൾ

(d) തീവ്രവാദം : ഒരു വെല്ലുവിളി

**Q2.** **താഴെ കൊടുത്തിരിയ്ക്കുന്ന ഗദ്യഭാഗം ശ്രദ്ധയോടെ വായിച്ച്, തുടർന്ന് കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കു് വ്യക്തവും സംക്ഷിപ്തവുമായ ഉത്തരമെഴുതുക :** *12×5=60*

വയലിൽ പണിയെടുക്കുന്ന കർഷകർ ഭക്ഷ്യധാന്യങ്ങളും വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളും ഉല്പാദിപ്പിക്കുന്നു. പരുത്തി, തുണിമില്ലുകളിലും യന്ത്രത്തറികളിലും വസ്ത്രമായി രൂപാന്തരപ്പെടുന്നു. വാഹനങ്ങൾ ചരക്കുകളെ ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു് കൊണ്ടുപോകുന്നു. ഒരു രാജ്യത്ത് ഒരു വർഷം ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടേയും സേവനങ്ങളുടെയും ആകെ മൂല്യത്തെ മൊത്തം ആഭ്യന്തരോല്പാദനം എന്നു പറയുന്നു. കയററുമതി ചെയ്യുമ്പോൾ നമുക്കു പണം ലഭിക്കുകയും. ഇറക്കുമതിചെയ്യുമ്പോൾ പണം ചെലവാക്കുകയും ചെയ്യുന്നു. ഇതിലൂടെ ലഭ്യമാകുന്ന മെത്തവരുമാനം കൂടുതലോ കുറവോ തുല്യമോ ആകാവുന്നതാണു. അതിൽനിന്നു് ലഭ്യമാകുന്ന വരുമാനവും കൂടിചേർക്കുമ്പോൾ രാജ്യത്തിന്റെ ഒരു വർഷത്തെമൊത്തം ആദ്യന്തരോ ല്പാദനം ലഭിക്കുന്നു.

മൊത്തം ദേശീയോല്പാദനത്തിനു് സംഭാവന ചെയ്യുന്ന എല്ലാ പ്രവൃത്തികളേയും ദേശീയസാമ്പത്തികോല്പാദന പ്രക്രിയയായി കണക്കാക്കാം. ഏതു നിലയിൽ പണിയെടുകുന്നവരായാലും സാമ്പത്തികപ്രക്രിയയിൽ ഏർപ്പെടുന്ന എല്ലാവരേയും തൊഴിലാളികളായി പരിഗണിക്കണം. അസുഖം, മുറിവു് തുടങ്ങിയശാരീരിക വൈഷമ്യങ്ങൾ, പ്രതികൂല കാലാവസ്ഥ, ഉത്സവങ്ങളിലോ സാമൂഹികവും മതപരവുമായ

ആഘോഷങ്ങളിലോ ഉള്ള പങ്കാളിത്തം എന്നിവമൂലം താല്ക്കാലികമായെങ്കിലും ജോലിക്ക് ഹാജരാകാൻ കഴിയാത്തവരെപ്പോലും തൊഴിലാളികളായി കണക്കാക്കണം. പ്രധാന ജോലിക്കാരെ. സഹായിക്കുന്നവരെയും തൊഴിലാളികളായി കണേണ്ടതുണ്ടു്. തൊഴിൽ ദാതാവിൽനിന്നു് കൂലിക്കുപകരം മറെറന്തെങ്കിലും. കൈപ്പററുന്നവരും തൊഴിലാളികളാണു്. ഈവിഭാഗത്തിൽ പെട്ടവർ മാത്രമല്ല, സ്വയംതൊഴിൽ ചെയ്യുന്നവരും തൊഴിലാളികൾ തന്നെയാണു്.

ഇന്ത്യയിലെ തൊഴിൽ മേഖലകൾ ബഹുമുഖസ്വഭാവമുള്ളതാന്നു്. ചിലർക്ക് ഒരു വർഷം മുഴുവനും തൊഴിൽ ലഭിക്കുമ്പോൾ മററുചിലർക്കു് വർഷത്തിൽ ഏതാനും മാസങ്ങൾമാത്രം തൊഴിൽ ലഭിക്കുന്നു. ഭൂരിപക്ഷംതൊഴിലാളികൾക്കും തൊഴിലിനർഹമായ വേതനംലഭിക്കുന്നല്ല. ആകെ തൊഴിലാളികളുടെ എണ്ണം കണക്കാക്കുമ്പോൾ സാമ്പത്തിക പ്രവർത്തനത്തിൽ പങ്കാളികളാകുന്ന മുഴുവൻ തൊഴിലാളികളേയും പട്ടികയിൽ ഉൾപ്പെടുത്താറുണ്ടു്. 2011-12 വർഷത്തിൽ ഇന്ത്യയിലെ ആകെതൊഴിൽ ശക്തി 473 ഒശലക്ഷമാണെന്നു് കണക്കാക്കപ്പെട്ടിടുണ്ടു്. ഇന്ത്യയിൽ ഭ്രരിപക്ഷവും ഗ്രാമീണരായതിനാൽ ഗ്രാമീണ തൊഴിലാളികൾ നാഗരിക തൊഴിലാളികളേക്കാൾ ആനുപാതികമായി വളരെ കൂടുതലാണു്. 473 ദശലക്ഷം തൊഴിലാളികളിൽ നാലിൽ മൂന്നു ഭാഗവും ഗ്രാമീണരാണു്.

ഇന്ത്യയിലെ മൊത്തം തൊഴിലാളികളിൽ ഭ്രരിപക്ഷവും പുരുഷന്മാരാണു്. ഗ്രാമീണ മേഖലയിൽ പോലും മൂന്നിൽ ഓന്നു മാത്രമേ സ്ത്രീകളുള്ളു. നഗരങ്ങളിൽ അതു് ഇരുപതുശതമാനം മാത്രമാണ്. പാചകം ചെയ്യൽ, വെള്ളം ചുമന്നുകൊണ്ടുവരൽ, ഇന്ധനം ശേഖിരിക്കൽ തുടങ്ങിയ പണികൾക്കുപുറമേ സ്ത്രീകൾ പാടത്തു് പണിയെടുക്കുകയും ചെയ്യുന്നു. പണമോ ധാന്യമോ കൂലിയായി അവർക്കു് ലഭിക്കുന്നില്ല. പലപ്പോഴും പ്രതിഫലം പോലും ലഭിക്കുന്നില്ല. ഈ സ്ത്രീകളായ തൊഴിലാളികൾ തൊഴിലാളികളുടെ പട്ടികയിൽ പോലും ഉൾപ്പെടാറില്ല. സാമ്പത്തിക വിദഗ്ധർ ഇവരെക്കൂടി തൊഴിലാളികളായി പരിഗണിക്കണമെന്നു് ശക്തമായി ആവശ്യപ്പെടുന്നുണ്ടു്.



munotes.in

(a) ആരാണ് തൊഴിലാളി ? *12*

(b) മൊത്തം ആഭ്യന്തരോല്പാദനം എന്നാലെന്ത് ? *12*

(c) ഇന്ത്യയിലെ തൊഴിൽ മേഖലകളുടെ സ്വഭാവമെന്ത് ? *12*

(d) ഏതുവിധം സ്ത്രീകളെയാണ് തൊഴിലാളികളായി പരിഗണിക്കാത്തത് ? *12*

(e) ഇന്ത്യയിലെ തൊഴിൽക്കരുത്തിന്റെ ജനസംഖ്യാനുപാതമെന്ത് ? *12*

**Q3. താഴെ കൊടുത്തിരിയ്ക്കുന്ന ഗദ്യഭാഗം മൂന്നിലൊന്നായി സംക്ഷേപിക്കുക. തലക്കെട്ട് നൽകേണ്ടതില്ല. സംക്ഷേപം നിങ്ങളുടെ സ്വന്തം വാക്കുകളിൽ ആയിരിക്കണം.** *60*

പരിമിതമായി മാത്രം മനസ്സിലാക്കിയിട്ടുള്ളതും കൂടുതൽ ഉപയോഗത്തിലുള്ളതുമായ രണ്ടു വാക്കുകളാണ് നാഗരികതയും സംസ്കാരവും. മനുഷ്യ സമൂഹം തീയുടെ ഉപയോഗം കണ്ടെത്താതിരുന്ന കാലം സങ്കല്പിക്കുക. ഇന്ന് എല്ലാ വീടുകളും പാചകത്തിനായി തീ ഉപയോഗിക്കുന്നു. തീയുടെ ഉപയോഗം ആദ്യം കണ്ടെത്തിയ മനുഷ്യനാണ് മഹാനായ ഗവേഷകൻ. മനുഷ്യനു സൂചിയും ആലും പരിചിതമല്ലാത്ത കാലം സങ്കല്പിക്കുക. ഒരു ഇരുമ്പുകഷണ ത്തിൽ നിന്നു സൂചിരൂപകല്പന ചെയ്ത ഗവേഷകനും മഹാൻ തന്നെ.

ഈ രണ്ടുദാഹരണങ്ങൾ പരിശോധിക്കുമ്പോൾ ഒന്നാമത്തേതിൽ രണ്ടു വസ്തുതകൾ കാണാം. ഒന്നാമത്തേതു തീ കണ്ടുപിടിച്ച മനുഷ്യന്റെ ബുദ്ധിശക്തിയാണ് രണ്ടാമത്തേതു തീയുടെ ഉപയോഗത്തിന്റെ വ്യാപ്തിയുടെ കണ്ടുപിടുത്തവുമാണ്. അതു പോലെത്തന്നെയാണ് രണ്ടാമത്തെ ഉദാഹരണവും. സൂചിയും നൂലും കണ്ടുപിടിച്ചബുദ്ധിശക്തിയും അവയുടെ ഉപയോഗവും. തീയും സൂചിയുംനൂലും കണ്ടു പിടിക്കാനിടയാക്കിയ ബുദ്ധിശക്തിയും പ്രചോദനവും ആഗവേഷകരുടെ സംസ്കാരമാണ്. അവരുടെ സംസ്കാരത്തിലൂടെ അവർ സമൂഹത്തിനു നല്കിയതെന്തോ അതു നാഗരികതയുമാണ്.

munotes.in

സംസ്കാരസമ്പന്നരായ മനുഷ്യർ പുതിയതോരോന്ന് കണ്ടുപിടിക്കുന്നു. അനന്തരതലമുറകൾക്കു് ഈ കണ്ടെത്തലുകളുടെ ആനുകൂല്യങ്ങൾ സ്വമേധയാ അവകാശമായി ലഭിക്കുന്നു. ബുദ്ധികൊണ്ടുംവിവേചന ശക്തികൊണ്ടും വസ്തുതകളെ നിരീക്ഷിക്കുവാനും വ്യാഖ്യാനിക്കുവാനും കഴിവുള്ള വരാണു് സംസ്കാരസമ്പന്നർ. അവരുടെ സംഭാവനകളെ സ്വമേധനയാ സ്വായത്തമാക്കി പിന്തുടരുന്ന അനന്തരതലമുറകൾ നാഗരികരെങ്കിലും അവരെ സംസ്കാരസമ്പന്നരെന്നു് കാണാനാവില്ല. നമുക്കു് ഒരു ആധുനികോദാഹരണമെടുക്കാം. ന്യൂട്ടൻ ഗുരുത്വാകർഷണ തത്വം കണ്ടുപിടിച്ച. അദ്ദേഹം സംസ്കാരസമ്പന്നനായ മനുഷ്യനാണു്. ഭൗതികശാസ്ത്രവിദ്യാർത്ഥികൾ ന്യൂട്ടൻ കണ്ടുപിടിച്ച ഗുരുത്വാകർഷണ തത്വവും ന്യൂട്ടനു് അപരിചിതമായ നവീനമായ നിരവധി സിദ്ധാന്തങ്ങളും പഠിച്ചവരാണു്. എന്നാൽ അവർ ന്യൂട്ടനേക്കാൽ നാഗരികരെങ്കിലും ന്യൂട്ടനുതുല്യം സംസ്കാര സമ്പന്നരല്ല.

തീയുടെ കണ്ടുപിടിത്തത്തിനു പിന്നിൽ വിശപ്പു് ഒരു പ്രചോദനമായിരിക്കണം. സൂചിയുടെയും നൂലിന്റെയും കണ്ടു പിടിത്തത്തിനു് ചൂടിൽനിന്നും തണുപ്പിൽനിന്നും രക്ഷനേടുക എന്നതിനുപുറമേ ശരീരം അലങ്കരിക്കുക എന്ന ഒരു വിശേഷസ്ഥാനവുമുണ്ടു്. വയറുനിറഞ്ഞതു് ശരീരം മറച്ചതുമായ ഒരു മനുഷ്യനെ നമുക്കു് സങ്കല്പിക്കാം. തുറന്ന ആകാശത്തിനു കീഴിൽ മിന്നുന്ന നക്ഷത്രങ്ങൾ കണ്ടു് അയാൾ കിടക്കുകയാന്നു് എന്നു് വെയ്ക്കുക. മുത്തുകൾ നിറഞ്ഞ ആപ്രതലം എന്തെന്നറിയാനുള്ള ആകാംക്ഷയിൽ അയാൾ ഉറങ്ങിക്കാണില്ല. വയറുനിറയ്ക്കുവാനും ശരീരം മറയ്ക്കു വാനുമുള്ള ആഗ്രഹമല്ല സംസ്കാര ത്തിന്റെ മാതാവു്. വയറുനിറഞ്ഞതു കൊണ്ടും ശരീരം മറച്ചതു കൊണ്ടും മാത്രം സംസ്കാരസമ്പന്നനായ ഒരു വ്യക്തിക്കു് അലസനായിരിക്കാനാവില്ല. നമ്മുടെ നാഗരികതയുടെ നല്ലൊരുപങ്ക് ഈ സാംസ്കാരിക സമ്പന്നതയിൽ നിന്നു് ആർജ്ജിച്ചതാണ്. അവരുടെ അവബോധത്തെ പ്രാഥമികമായി ബാഹ്യ ഭൗതികപ്രതിഭാ സങ്ങളാണു് സ്വാധീനിച്ചിട്ടുള്ളതു്. എന്നാൽ ഋഷികളിൽ നിന്നു് ലഭ്യമായ സംസ്കാരവും

അവരെസ്വാധീനിച്ചിട്ടുണ്ടു്. വസ്തുതകളുടെ നിയതമായകാരണങ്ങൾ മനസ്സിലാക്കിയ ഋഷിമാർ ഭൗതീക പ്രേരണകളാൽ കീഴടക്കപ്പെട്ടവരല്ല. ആന്തരികമായ നൈസർഗ്ഗിക സംസ്കാരം കൊണ്ടാണു് അവർ തിരിച്ചറിവു് നേടുന്നതു്. രാത്രിയിൽ നക്ഷത്രങ്ങളെ ദർശിച്ചു് ഉറങ്ങാൻ കഴിയാതിരുന്ന ഏതോ ഒരു ഋഷിയാകണം ഇന്നത്തെ ജ്ഞാനലോകത്തിന്റെ ആദ്യത്തെ ഓർശനികൻ.

*[250 വാക്കുകൾ]*

**Q4. താഴെ കൊടുത്തിരിയ്ക്കുന്ന ഗദ്യഭാഗം ഇംഗ്ലീഷിലേയ്ക്കു് തർജ്ജമ ചെയ്യുക :** *20*

സമയം അമൂല്യമാണു്. വാസ്തവത്തിൽ ലോകത്തിൽ പരിധിയുള്ള ഒന്നേയൊന്നു് സമയം മാത്രമാണു്. സമ്പത്തു് നഷ്ടപ്പെട്ടാൽ വീണ്ടും നേടാനാകും. വീടുനഷ്ടപ്പെട്ടാലും വീണ്ടും നിർമ്മിക്കാം. എന്നാൽ സമയം നഷ്ടപ്പെട്ടാൽ ഒരിക്കലും തിരികേലഭിക്കില്ല.

ജീവിതത്തിൽ എന്തെങ്കിലും ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ, എന്തെങ്കിലുമാകാൻ ശ്രമിക്കുന്നു വെങ്കിൽ, എന്തെങ്കിലും നേടാൻ ആഗ്രഹിക്കുന്നുവെങ്കിൽ മികച്ചരീതിയിൽ സമയത്തെ വിനിയോഗം ചെയ്യാൻ പഠിക്കണം. സമയത്തിന്റെ ശരിയായ ഉപയോഗത്തിലൂടെ നമുക്കു് ആഗ്രഹിച്ച നേട്ടങ്ങളെല്ലാം കൈവരിക്കാനാകും.

"സമയമാണു് സമ്പത്തെന്നൊരു" ചൊല്ലുണ്ടു്. എന്നാൽ അതു് പൂർണ്ണമായും ശരിയല്ല. സമർത്ഥമായ സമ്പത്താണു് സമയം എന്നതാണു് വസ്തുത. സമയത്തെനല്ലവിധത്തിൽ പ്രയോജനപ്പെടുത്തുമ്പോൾ മാത്രമേ സമ്പത്തു നേടാൻ കഴിയൂ. സമയത്തെ ദുരുപയോഗം ചെയ്താൽ സമ്പത്തു് നേടുവാനുള്ള സാദ്ധ്യതകൾ നഷ്ടപ്പെടുന്നു. മികച്ചരീതിയിൽ സമയത്തെ വിനിയോഗിക്കുവാനുള്ള വഴികൾ കണ്ടെത്തിയാൽ കുറഞ്ഞ സമയം കൊണ്ടു് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനാകും. സമയവിനിയോഗ രീതി യഥാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ ബോധമനസ്സിനേയും ഉപബോധ മനസ്സിനേയും ഉപയോഗപ്പെടുത്തേണ്ടിവരും. ഇതൊന്നുകൊണ്ടു മാത്രമേ കുറഞ്ഞ സമയം കൊണ്ടു് കൂടുതൽ പ്രവർത്തിക്കു വാനുള്ള മാർഗ്ഗം കണ്ടെത്തുന്നതിൽ വിജയം വരിക്കാനാക്കു.

**Q5.** **താഴെ കൊടുത്തിരിയ്ക്കുന്ന ഗദ്യഭാഗം മലയാളത്തിലേയ്ക്കു് തർജ്ജമ ചെയ്യുക :** *20*

We cannot deny the importance of games in life as games make a person sound in body and mind. Society expects of a person to fulfil all his duties, for which it is important for him to keep healthy. He may be very intelligent, but his intelligence is of no use if he is not healthy. In some ways, the human body is like a machine. If it is not made use of, it starts to work badly. People who are not fit grow weak; they become more prone to disease. Any form of game is useful, if it gives the body an opportunity to take regular physical exercise. Playing encourages the spirit of sportsmanship. It enables one to deal with life's problems in a wise and natural manner. The important thing in playing is not the winning or the losing, but the participation. We have to remember some other things about playing games. First, it is the physical exercise that is important for health, not the games themselves, and there are other ways of getting this. Is not India the home of yoga ? When we think of the phrase — a healthy mind in a healthy body — we should not forget that it is the mind which is mentioned first. And if we let games become the most important thing in our lives, then we undermine the importance of the mind.

munotes.in

**Q6.** **താഴെ കൊടുത്തിരിയ്ക്കുന്ന ചോദ്യങ്ങൾക്കു് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക :**

(a) **അർഥം വ്യക്തമാകുന്ന വിധത്തിൽ വാക്യത്തിൽ പ്രയോഗിക്കുക :** *2×5=10*

(i) പൊടിക്കൈ *2*

(ii) തടിതപ്പുക *2*

(iii) വിടുപണി *2*

(iv) പാട്ടുംപാടി *2*

(v) ഇരുട്ടിൽ തപ്പുക *2*

(b) സന്ധിപിരിച്ചെഴുതുക : 2×5=10

(i) പറഞ്ഞില്ല 2

(ii) ആത്തച്ചക്ക 2

(iii) വെണ്ണീർ 2

(iv) വഴിയുണ്ടു് 2

(v) വീട്ടുകാര്യം 2

(c) വിഗ്രഹിച്ചെഴുതുക : 2×5=10

(i) കൺമുന്നിൽ 2

(ii) തേൻമൊഴിയാൾ 2

(iii) മാതാപിതാക്കൾ 2

(iv) സകുടുംബം 2

(v) പഞ്ചപാണ്ഡവർ 2

(d) താഴെ കൊടുത്തിരിയ്ക്കുന്ന പദങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക : 2×5=10

(i) ക്രോഡീകരണം 2

(ii) മഠയൻ 2

(iii) പ്രവർത്തിക്കുക 2

(iv) അനുഷ്ഠാനം 2

(v) അപരാന്നം 2

munotes.in